2025
DECEMBER
09
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഉഭയകക്ഷി വ്യാപാരത്തിൽ രൂപ–റൂബിൾ സഖ്യം



**ന്യൂഡൽഹി:** ഇന്ത്യ-റഷ്യ സൗഹൃദം ആരോഗ്യ വെല്ലുവിളികളെ നേരിടാൻ രണ്ടു രാജ്യങ്ങൾക്കും ശക്തി പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിനുമായുള്ള സംയുക്ത പത്ര സമ്മേളനത്തിൽ സംസാരിച്ച മോദി, ഭീകരതയ്ക്കെതിരെ ഇരു രാജ്യങ്ങളും ഒന്നിച്ചു നില കൊള്ളുമെന്ന് ഉറപ്പു നൽകി. 23-ാം ഇന്ത്യ-റഷ്യ ഉച്ചകോടിയിൽ ഇരു നേതാക്കളും വ്യാപാരം, സുരക്ഷ, ഊർജ മേഖലകളിൽ സഹകരണം വർധിപ്പിക്കാനാണ് തീരുമാനം.

പഹൽഗാമിലെ ഭീകരാക്രമണവും ക്രോക്കസ് സിറ്റി ഹാളിലെ ക്രൂരതയുമെല്ലാം ഭീകരതയുടെ മൂല്യ വിരുദ്ധ പ്രവർത്തനങ്ങളാണെന്ന് മോദി ചൂണ്ടിക്കാട്ടി. ഭീകരത മാനവികതയ്ക്ക് എതിരാണെന്നും ആഗോള ഐക്യം നമ്മുടെ ഏറ്റവും വലിയ ശക്തിയാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തിൽ ഇന്ത്യ സജീവമായി പങ്കെടുക്കുമെന്നും മോദി അറിയിച്ചു. ഇത് വ്യവസായങ്ങൾ തമ്മിലുള്ള സംയുക്ത ഉൽപാദനവും നൂതന സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു. ഉച്ചകോടി ഇരു രാജ്യങ്ങളുടെയും വ്യാപാരം 2030 ഓടെ 100 ബില്യൺ ഡോളറിൽ എത്തിക്കാനുള്ള പദ്ധതികൾക്ക് തുടക്കമിട്ടു.

ഊഷ്മള സ്വീകരണത്തിന് പുടിൻ നന്ദി അറിയിച്ചു. മോദിയുമായുള്ള ചർച്ചകൾ ഫലപ്രദവും സൗഹൃദപരവുമായിരുന്നു എന്നു പറഞ്ഞ പുടിൻ ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ആഴമേറിയ കരാറുകളിൽ എത്തിച്ചേർന്നെന്നും കൂട്ടിച്ചേർത്തു.

സംയുക്ത പ്രസ്താവനയിൽ പറഞ്ഞതു പോലെ, ഭൗരാഷ്ട്രീയ സമ്മർദ്ദങ്ങൾക്കിടയിലും ഇന്ത്യ-റഷ്യ ബന്ധം ദൃഢമായി നിലനിൽക്കുമെന്ന് നേതാക്കൾ ഉറപ്പു നൽകി. ഡിഫൻസ്, സിവിൽ, ന്യൂക്ലിയർ, ടെക്നോളജി, സ്പേസ് മേഖലകളിൽ സഹകരണം വിപുലീകരിക്കാൻ തീരുമാനമായി. അമെരിക്കൻ സമ്മർദ്ദത്തിനിടയിൽ ഇന്ത്യ-റഷ്യ വ്യാപാരത്തിൽ ഡോളറിന്റെ ആധിപത്യം ഒഴിവാക്കാനുള്ള നീക്കം ശക്തമായി.

പേയ്മെന്റ് സെറ്റിൽമെന്റുകൾക്ക് രൂപയും റൂബിളും മാത്രം ഉപയോഗിക്കുന്നതിലേയ്ക്ക് ഇരു രാജ്യങ്ങളും മാറുമെന്ന് പുടിൻ പ്രഖ്യാപിച്ചു. ഇപ്പോഴേ 90-96 ശതമാനം വ്യാപാരം ദേശീയ കറൻസികളിലൂടെയാണ് നടക്കുന്നത്. റൂപെ-റൂബിൾ സിസ്റ്റം ശക്തിപ്പെടുത്തി. റൂപേമിർ പേയ്മെന്റ് നെറ്റ് വർക്കുകൾ ബന്ധിപ്പിക്കാനും ധാരണയായി. ഇത് പാശ്ചാത്യ സാങ്ഷനുകൾക്ക് മറി കടക്കാനുള്ള തന്ത്രപരമായ നീക്കമാണ്. അമേരിക്കയുടെ 25 ശതമാനം പിഴവ് താരിഫ് , ഉക്രെയ്ൻ സംഘർഷം എന്നിവയ്ക്കിടയിലും ഇന്ത്യ റഷ്യൻ എണ്ണയുടെ ഇറക്കുമതി തുടരുമെന്ന് മോദി സൂചിപ്പിച്ചു. 2025ലെ വ്യാപാരം 68.7 ബില്യൺ ഡോളറിൽ എത്തിയപ്പോൾ 2030 ഓടെ 100 ബില്യൺ ലക്ഷ്യമിടുന്നു. എസ്400 മിസൈൽ സിസ്റ്റം, യുവിറ്റിക് ജെറ്റുകൾ, ആണവോർജ നിലയങ്ങൾ എന്നിവയിലും സഹകരണം വർധിപ്പിക്കാൻ തീരുമാനമായി. ഈ ഉച്ചകോടി ഇന്ത്യയുടെ മേക്ക് ഇൻ ഇന്ത്യ പദ്ധതിക്ക് പുതിയ സാധ്യതകൾ തുറന്നു.

# വാർണർ ബ്രദേഴ്സിനെ വാങ്ങാൻ കരാറുമായി നെറ്റ്ഫ്ളിക്സ്

**വാഷിങ്ടൺ:** ഹോളിവുഡിൽ ഏറ്റവും പ്രശസ്തവും പഴക്കം ചെന്നതും ചരിത്രമുള്ളതുമായ ചലച്ചിത്ര നിർമാണ കമ്പനിയായ വാർണർ ബ്രദേഴ്സിനെ വാങ്ങാൻ നെറ്റ്ഫ്ളിക്സ്. 72 ബില്യൺ ഡോളറിനാണ് (7200 കോടി ഡോളർ) നെറ്റ് ഫ്ളിക്സ് വാങ്ങൽ ഡീൽ ഉറപ്പിച്ചിരിക്കുന്നത്.

വാർണർ ബ്രദേഴ്സ് ഡിസ്കവറിയുടെ സ്റ്റുഡിയോകളും സ്ട്രീമിങ് യൂണിറ്റുമാണ് നെറ്റ്ഫ്ളിക്സ് സ്വന്തമാക്കുക. ഹോളിവുഡിലെ ഏറ്റവും വിലപിടിപ്പുള്ളതും വലുതുമായ ലൈബ്രറി ഇതോടെ ഇനി നെറ്റ്ഫ്ളിക്സിന് സ്വന്തമാകും. ആഴ്ചകൾ നീണ്ടു നിന്ന ലേലത്തിന് ശേഷമാണ് നെറ്റ്ഫ്ളിക്സ് ഒരു ഷെയറിന് ഏകദേശം 28 ഡോളർ നിരക്കിൽ നെറ്റ്ഫ്ളിക്സ് കരാർ സ്വന്തമാക്കിയത്. പാരാമൗണ്ട് സ്കൈഡാൻസ് മുന്നോട്ടു വച്ച 24 ഡോളർ എന്നത് മറികടന്നായിരുന്നു നെറ്റ്ഫ്ളിക്സിന്റെ ഈ തന്ത്രപരമായ കരാർ നീക്കം. സ്പിൻഓഫിനായി നിശ്ചയിച്ചിരിക്കുന്ന കേബിൾ ടിവി ആസ്തികളും ഇതിൽ ഉൾപ്പെടുന്നു.

ഹാരി പോട്ടർ, ഗെയിം ഒഫ് ത്രോൺസ്, ഡിസി കോമിക്സ് എന്നിവയുൾപ്പടെയുള്ള മാർക്യൂ ഫ്രാഞ്ചൈസികളുടെ ഉടമസ്ഥാവകാശവും ഇതോടെ നെറ്റ്ഫ്ളിക്സിന്റെ കൈവശമാകും. വാൾട്ട് ഡിസ്നിയിൽ നിന്നും എല്ലിസൺ കുടുംബ പിന്തുണയുള്ള പാരാമൗണ്ടിൽ നിന്നുമുള്ള മത്സരത്തിന് ഒരു പരിധി വരെ തടയിടുവാനും സാധിക്കും. നെറ്റ് ഫ്ളിക്സിന് അനുകൂലമായ ലേല പ്രക്രിയയെന്ന് ആരോപിച്ച് ഈ ആഴ്ച ആദ്യം പാരാമൗണ്ട് വിൽപന പ്രക്രിയയെ ചോദ്യം ചെയ്ത് കത്തയച്ചിരുന്നു

# ഏറ്റവും കൂടുതൽ മൂല്യമുള്ള സ്വകാര്യ കമ്പനിയാകാൻ സ്പേസ് എക്സ്

**ന്യൂയോർക്ക്:** ഇലോൺ മസ്കിന്റെ ബഹിരാകാശ ഗതാഗത, ഉപഗ്രഹനിർമാണ കമ്പനിയായ സ്പേസ് എക്സ് ഇൻസൈഡർ ഓഹരികൾ വിൽക്കാൻ ഒരുങ്ങുന്നു. ഈ ഓഹരിവിൽപ്പന സ്പേസ് എക്സിനെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ വിപണി മൂല്യമുള്ള സ്വകാര്യ കമ്പനിയാക്കി മാറ്റും. ഇത് ഒക്ടോബറിൽ ഓപ്പൺ എഐ സ്ഥാപിച്ച 500 ബില്യൺ ഡോളർ മൂല്യത്തിന്റെ റിക്കാർഡ് മറികടക്കും.

ഈ ഓഹരി വിൽപ്പനയിലൂടെ സ്പേസ് എക്സിന്റെ വിപണി മൂല്യം ഏകദേശം 800 ബില്യൺ ഡോളറായി ഉയർത്തും.




നിലവിൽ ചർച്ച ചെയ്യുന്ന വില ഓഹരിയൊന്നിന് 400 ഡോളറിൽ കൂടുതലാണെന്നാണ്. ഇത് സ്പേസ് എക്സിന്റെ വിപണിമൂല്യം 750 ബില്യൺ ഡോളറിനും 800 ബില്യൺ ഡോളറിനും ഇടയിലാക്കും. ഈ നീക്കം ജീവനക്കാർക്കും ആദ്യകാല നിക്ഷേപകർക്കും അവരുടെ ഓഹരികൾ വിൽക്കാൻ അവസരം നൽകുന്നു.

സ്പേസ് എക്സ് 2026ന്റെ അവസാനത്തോടെയാണ് ഐപിഒ ലക്ഷ്യമിടുന്നത്. ഇതു സംബന്ധിച്ച ചർച്ചകൾ നിക്ഷേപകരുമായി ആരംഭിച്ചതായും സൂചനയുണ്ട്. അതേസമയം, ഓഹരി വിൽപ്പനയെക്കുറിച്ച് കമ്പനി പരസ്യമായ പ്രഖ്യാപനങ്ങളൊന്നും നടത്തിയിട്ടില്ല.

സ്പേസ് എക്സ് ഐപിഒയിലൂടെ കമ്പനിയുടെ 5 ശതമാനം ഓഹരികൾ 800 ബില്യൺ ഡോളർ മൂല്യനിർണയത്തിന് വിൽക്കുകയാണെങ്കിൽ, കമ്പനിക്ക് 40 ബില്യൺ ഡോളർ ഓഹരികൾ വിൽക്കേണ്ടിവരും.

ഇത് ചരിത്രത്തിലെ ഏറ്റവും വലിയ ഐപിഒ ആക്കി മാറ്റും. 2019ൽ സൗദി അരാംകോയുടെ 29 ബില്യൺ ഡോളർ ലിസ്റ്റിംഗിനേക്കാൾ വളരെ കൂടുതലാണ് ഇത്.

# ഐഎംഎഫിന് വഴങ്ങി പാക്കിസ്ഥാൻ; കടം കയറിയ വിമാനക്കമ്പനി വിൽക്കും, ടെൻഡർ ഈ മാസമെന്ന് പ്രധാനമന്ത്രി ഷെഹബാസ്

**ഇസ്ലാമാബാദ്:** നിത്യച്ചെലവിനുള്ള പണത്തിനായി രാജ്യാന്തര നാണയനിധിക്കു (ഐഎംഎഫ്) മുന്നിൽ കൈനീട്ടിയ പാക്കിസ്ഥാൻ, ഒടുവിൽ ഐഎംഎഫിന്റെ നിബന്ധനകൾക്ക് വഴങ്ങി സ്വന്തം വിമാനക്കമ്പനി വിൽക്കുന്നു. ദേശീയ വിമാനക്കമ്പനിയായ പാക്കിസ്ഥാൻ ഇന്റർനാഷനൽ എയർലൈൻസിന്റെ (പിഐഎ) ടെൻഡർ നടപടികൾ ഡിസംബർ 23ന് നടക്കുമെന്ന് പാക്ക് പ്രധാനമന്ത്രി ഷെഹബാസ് ഷെരീഫ് പറഞ്ഞു. രാജ്യാന്തര നാണയ നിധിയിൽ (ഐഎംഎഫ്) നിന്ന് 7 ബില്യൻ ഡോളറിന്റെ (ഏകദേശം 63,000 കോടി ഇന്ത്യൻ രൂപ) വായ്പസഹായം പാക്കിസ്ഥാൻ ഉറപ്പാക്കിയിരുന്നു. ഇതു കിട്ടണമെങ്കിൽ ഐഎംഎഫ് പറയുന്ന നിബന്ധനകൾ അനുസരിക്കണം. അതിലൊന്നാണ് ദേശീയ വിമാനക്കമ്പനിയുടെ വിൽപന.

വിമാനക്കമ്പനിയുടെ 51 മുതൽ 100% വരെ വിറ്റൊഴിയാനുള്ള നടപടികളാണ് തുടങ്ങിയത്. വായ്പാക്കരാർ പ്രകാരം ഒരു ബില്യൻ ഡോളർ (9,000 കോടി രൂപ) ഐഎംഎഫ് നേരത്തേ പാക്കിസ്ഥാന് നൽകിയിരുന്നു. അടുത്ത ഗഡുവായ 1.2 ബില്യൻ ഡോളർ (10,800 കോടി രൂപ) നൽകാനുള്ള ഐഎംഎഫിന്റെ യോഗം നാളെയാണ് (ഡിസംബർ 8). തുടർന്നുള്ള ഗഡുക്കൾ കിട്ടണമെങ്കിൽ വിമാനക്കമ്പനി വിൽക്കുന്ന കാര്യത്തിലൊരു തീരുമാനം ഉടൻ വേണമെന്ന് ഐഎംഎഫ് ആവശ്യപ്പെട്ടിരുന്നു. ഇതുപ്രകാരമാണ് പാക്ക് സർക്കാർ ടെൻഡർ നടപടിയിലേക്ക് കടക്കുന്നത്. ടെൻഡർ നടപടികൾ തൽസമയം എല്ലാ മാധ്യമങ്ങളിലും കാണിക്കുമെന്ന് പാക്ക് മാധ്യമമായ ഡോൺ റിപ്പോർട്ട് ചെയ്തു. 2 ദശാബ്ദത്തിനിടെ പാക്കിസ്ഥാനിൽ ഒരു പൊതുമേഖലാ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ആദ്യമാണ്. പിഐഎ ആദ്യമൊരു സർക്കാർ സ്ഥാപനമായിരുന്നില്ല. കൽക്കട്ട ആസ്ഥാനമായി മിർസ അഹമ്മദ് ഇസ്പഹനി, ബിസിനസ് പ്രമുഖനായിരുന്ന ആദംജീ ഹാജി ദാവൂദ് എന്നിവർ ചേർന്ന് 1946 ഒക്ടോബർ 29ന് തുടങ്ങിയ സ്വകാര്യകമ്പനിയായിരുന്നു ഇത്. ഒറിയന്റ് എയർവേസ് എന്നായിരുന്നു ആദ്യം പേര്. വിഭജനത്തിനുശേഷം വിമാനക്കമ്പനി പ്രവർത്തനം പൂർണമായും പാക്കിസ്ഥാനിലേക്ക് മാറ്റുകയായിരുന്നു.

1955ലാണ് പാക്ക് സർക്കാർ ഓറിയന്റ് എയർവേസിനെ ദേശസാൽക്കരിച്ചതും പേര് പാക്കിസ്ഥാൻ ഇന്റർനാഷനൽ എയർലൈൻസ് എന്നാക്കിയതും. മാനേജിങ് ഡയറക്ടറായിരുന്ന നൂർ ഖാന്റെ കീഴിൽ പിഐഎ നേട്ടങ്ങൾ സ്വന്തമാക്കിയിരുന്നു.

# തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പ്; ജില്ലയിൽ 26.67 ലക്ഷം വോട്ടർമാർ വിധിയെഴുതും



**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ആദ്യ ഘട്ട വോട്ടെടുപ്പ്  ഇന്ന് നടക്കും. രാവിലെ 7 മണി മുതൽ വൈകിട്ട് 6 മണി വരെയാണ് വോട്ടെടുപ്പ് നടക്കുക. എറണാകുളം ജില്ലയിലെ 111 തദ്ദേശ സ്ഥാപനങ്ങളിൽ 2220 വാർഡുകളിലായി 7374 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. ജില്ലയിൽ ആകെ 26,67,746 വോട്ടർമാരാണ് ഉള്ളത്. ഇതിൽ 12,79,170 പുരുഷ വോട്ടർമാരും 13,88,544 സ്ത്രീ വോട്ടർമാരും 32 ട്രാൻസ്ജെൻഡർ വോട്ടർമാരും ഉൾപ്പെടുന്നു. ജില്ലയിലാകെ 3021 പോളിംഗ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനായി സജ്ജമാക്കിയിരിക്കുന്നത്.

പോളിംഗ് സ്റ്റേഷനുകളിലേക്കുള്ള സാമഗ്രികളുടെ വിതരണം ഇന്നലെ പൂർത്തിയായി. 7490 ബാലറ്റ് യൂണിറ്റുകളും 3036 കൺട്രോൾ യൂണിറ്റുകളും തിരഞ്ഞെടുപ്പിനായി സജ്ജീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് ജോലികൾക്കായി റിസർവ് ജീവനക്കാർ ഉൾപ്പെടെ 14,544 പേരെയാണ് പോളിംഗ് ബൂത്തുകളിൽ നിയോഗിച്ചിട്ടുള്ളത്. മറ്റു തിരഞ്ഞെടുപ്പ് ജോലികൾക്കായി പതിനായിരത്തോളം ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിലുള്ള 72 പ്രശ്നബാധിത ബൂത്തുകളിൽ വെബ് കാസ്റ്റിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വോട്ടെടുപ്പ് ദിവസമായ ഇന്ന് രാവിലെ 6 മണിക്ക് അതത് പോളിംഗ് സ്റ്റേഷനുകളിൽ മോക് പോളിംഗ് നടക്കും. രാവിലെ 7 മുതൽ വൈകീട്ട് 6 വരെയാണ് പോളിംഗ്.

# 72 പോളിംഗ് സ്റ്റേഷനുകളിൽ വെബ്കാസ്റ്റിംഗ്; 147 ഇടങ്ങളിൽ വീഡിയോ നിരീക്ഷണം

**കൊച്ചി:** 2025 ലെ തദ്ദേശ സ്വയംഭരണ  തിരഞ്ഞെടുപ്പിൽ എറണാകുളം ജില്ലയിൽ പ്രശ്നബാധിതമായ 72 പോളിംഗ് സ്റ്റേഷനുകളിൽ വെബ് കാസ്റ്റിംഗും സ്ഥാനാർഥികൾ ആവശ്യപ്പെട്ടതും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതുമായ 147 പോളിംഗ് സ്റ്റേഷനുകളിൽ വീഡിയോഗ്രാഫിയും നടത്തുമെന്നു  ജില്ലാ കളക്ടർ ജി. പ്രിയങ്ക അറിയിച്ചു. വോട്ട് ചെയ്യുന്നതിന്റെ സ്വകാര്യത പൂർണ്ണമായും സംരക്ഷിച്ച്  വോട്ട് ചെയ്യുവാൻ  വരുന്ന വരെ പോളിംഗ് സ്റ്റേഷനുകളുടെ പുറത്ത് മാത്രമായിരിക്കും ചിത്രീകരിക്കുക. പോളിംഗ് ബൂത്തിനുള്ളിൽ  വീഡിയോ ചിത്രീകരണം അനുവദിക്കുന്നതല്ല.

ഇത്തരത്തിൽ ചിത്രീകരിക്കുന്ന വീഡിയോകൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ കൈവശം രഹസ്യമായി സൂക്ഷിക്കും. ഒരു കാരണവശാലും ഈ വീഡിയോകൾ സ്ഥാനാർഥികൾക്കോ രാഷ്ട്രീയ പാർട്ടികൾക്കോ നൽകുന്നതല്ലെന്നും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

# തീവ്ര വോട്ടർ പട്ടിക പരിഷ്കരണം കാസർകോട് ജില്ല ഒന്നാംസ്ഥാനത്ത് പൂർത്തീകരിച്ചത്  99.92% പ്രവർത്തനം

**കാസർകോട്:** പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ഡിസംബർ ഒൻപതിന് എല്ലാ ബൂത്തുകളിലും ബി.എൽ.ഒ, ബി.എൽ.എ യോഗം ചേരും. ബൂത്തുകളിൽ യോഗം നടന്നില്ലെങ്കിൽ  വില്ലേജ് ഓഫീസുകളിലോ ബൂത്ത്ലെവൽ ഓഫീസർമാർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിലോ ബി.എൽ.ഒ, ബി.എൽ.എ യോഗം നടത്തുമെന്ന് ജില്ലാ കളക്ടർ കെ. ഇമ്പശേഖർ അറിയിച്ചു. കാസർകോട് ജില്ല പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ 99.92 ശതമാനം എന്യുമറേഷൻ ഫോം ഡിജിറ്റലൈസ് ചെയ്തു.

ഒന്നാം സ്ഥാനത്താണെന്ന്  ജില്ലാ കളക്ടർ പറഞ്ഞു. ജില്ലയിൽ 22821 പേരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. സ്ഥലം മാറി പോയവർ 20699, മരിച്ചവർ 18091, ഇരട്ടിപ്പ് വന്നവർ 2425 ആ ഫോം തിരിച്ചേൽപ്പിക്കാത്തവർ 3401 ഉൾപ്പെടെ ആകെ 67437 പേരാണ് അവശേഷിക്കുന്നത്.

# സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വാർഷികാഘോഷം നടത്തി



**തളിപ്പറമ്പ്:** സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ 31ാമത് വാർഷികാഘോഷം സൻസ്കൃതി ഉത്സവ് 2025 നടത്തി. റിട്ട. ഡി.ജി.പി ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. മാനേജർ മദർ ലിറ്റിൽ തെരേസ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് സെൻറ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. മാത്യു ആശാരിപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

സ്റ്റാർ സിംഗർ ഫെയിം റാനിയ റഫീക്കിന്റെ സംഗീതപരിപാടിയുണ്ടായിരുന്നു.  പിടിഎ പ്രസിഡൻറ് ഡോ. വിമൽ റെമി, പൂർവ വിദ്യാർഥി അനിരുദ്ധ് രമേശൻ എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ സിസ്റ്റർ ദീപ്തി സ്വാഗതവും സ്കൂൾ ലീഡർ ശ്രേയ നന്ദിയും പറഞ്ഞു. രണ്ടുദിവസമായി നടന്ന കലാപരിപാടികളിൽ 850 ഓളം കുട്ടികൾ പങ്കെടുത്തു. 120 ഓളം കുട്ടികൾ ഒന്നിച്ച് അരങ്ങിലെത്തിയ ഗ്രാൻഡ് ഫിനാലെ ഭാരതത്തിന്റെ സംസ്കാരിക കൂട്ടായ്മയുടെ പ്രതീകമായിരുന്നു

## പ്രവാസി കമ്മീഷൻ അദാലത്ത് 16, 17 തീയതികളിൽ തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** പ്രവാസി കമ്മീഷൻ അദാലത്ത് ഡിസംബർ 16, 17 തീയതികളിൽ തിരുവനന്തപുരം തൈക്കാട് നോർക്ക സെന്ററിലെ പ്രവാസി കമ്മീഷൻ ഓഫീസിൽ നടക്കും. രാവിലെ 10 മുതൽ ആരംഭിക്കുന്ന അദാലത്തിന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്   നേതൃത്വം നൽകും.

കമ്മീഷൻ അംഗങ്ങളായ  പി.എം ജാബിർ, ഡോ. മാത്യൂസ് കെ. ലൂക്കോസ്,  എം.എം നജീം,  ജോസഫ് ദേവസ്യ പൊൻമാങ്കൽ, കമ്മീഷൻ സെക്രട്ടറി  ജയറാം കുമാർ ആർ എന്നിവർ പങ്കെടുക്കും. പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അദാലത്തിൽ ഉന്നയിക്കാം. കൂടുതൽ വിവരങ്ങൾക്ക് : 0471-  2322311.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

**തിരുവനന്തപുരം:**  കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഡാറ്റാ സയൻസ് ആന്റ് എ.ഐ, ഡി.സി.എ, പി.ജി.ഡി.സി.എ എന്നിവയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലുള്ള കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തുകയോ 0471-2337450, 8590605271 ഹെൽപ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

## പോസ്റ്റ് ഓഫീസുകൾ വൈകിട്ട് ആറ് വരെ പ്രവർത്തിക്കും

**തിരുവനന്തപുരം:**  രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ ഡിസംബർ എട്ടിന് വൈകിട്ട് 6 വരെ തുറന്നു പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയതായി പോസ്റ്റ് മാസ്റ്റർ ജനറൽ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ ആറിന് വൈകുന്നേരം ആറ് മണി വരെയാണ് പോസ്റ്റ് ഓഫീസുകളുടെ പ്രവർത്തന സമയം. പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകളും പോസ്റ്റൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഈ നടപടി.

## ജാഗ്രതയോടെ വോട്ടവകാശം വിനിയോഗിക്കുക : വി.എച്ച്.പി

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാരം വിനിയോഗിക്കുമ്പോൾ ഹിന്ദു സമൂഹം ജാഗ്രത പുലർത്തണമെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡണ്ട് വിജി തമ്പിയും ജനറൽ സെക്രട്ടറി അനിൽ വിളയിലും വാർത്താകുറിപ്പിൽ അറിയിച്ചു. തീവ്രവാദ ശക്തികളുടെയും മതപരിവർത്തന ലോബികളുടെയും പ്രധാന കേന്ദ്രമായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ വികസനമോ മയക്കുമരുന്ന് വ്യാപനമോ തൊഴിലില്ലായ്മയോ ചർച്ച ചെയ്യാൻ മിക്ക രാഷ്ട്രീയ കക്ഷികളും തയ്യാറാകുന്നില്ല. ഹൈന്ദവ വിഷയങ്ങളിൽ വിശ്വാസികൾക്ക് എതിരായ രാഷ്ട്രീയ നിലപാടുകൾ ഉണ്ടാക്കാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. ശബരിമല ക്ഷേത്രത്തിൽ നടന്ന കൊള്ളയുടെ അന്വേഷണം ഏതാണ്ട് നിലച്ച മട്ടാണ്.

കൃത്യമായ അന്വേഷണം നടത്തിയാൽ മന്ത്രിമാരുൾപ്പടെയുള്ളവർ പ്രതികൾ ആകുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘത്തിനെ മൂക്കുകയറിട്ടു നിർത്തിയിരിക്കുകയാണ് ആഭ്യന്തര വകുപ്പ്. ഹൈന്ദവ സമൂഹത്തിനെ അവഹേളിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വേണ്ട ഒത്താശയും സഹായവും പ്രോത്സാഹനവും നൽകുന്ന ഭരണ നേതൃത്വം ചില തീവ്രവാദ ശക്തികൾക്ക് കീഴ്പ്പെട്ട് ഭരണം നടത്തുന്ന കാഴ്ചയാണ് ഉള്ളത്. ഹൈന്ദവ ക്ഷേത്രങ്ങളുടെ സ്വത്തുക്കളും ഭൂമിയും കൊള്ളയടിച്ചവരെയും ശബരിമലയുടെ പവിത്രത ഇല്ലാതാക്കാൻ രാത്രിയുടെ മറവിൽ യുവതികളെ പ്രവേശിപ്പിക്കുന്നതിനു ശ്രമിച്ചവരെയും ഹൈന്ദവ സമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. രാജ്യത്തെ ഇസ്ലാമിക വൽക്കരിക്കാൻ ശ്രമിക്കുന്ന കക്ഷികളെ കൂട്ടുപിടിക്കാൻ കേരളത്തിലെ ഭരണ, പ്രതിപക്ഷ നേതൃത്വം നടത്തുന്ന നാണംകെട്ട പ്രവർത്തനങ്ങളും ചർച്ചകളും അന്തർധാരയും ഹിന്ദുക്കൾ തിരിച്ചറിഞ്ഞു കഴിഞ്ഞുവെന്നും നേതാക്കൾ വ്യക്തമാക്കി.

## കൊച്ചിമുസിരിസ് ബിനാലെ
# ഘാന കലാകാരൻ മഹാമയിൽ നിന്ന് കലാനുഭവങ്ങൾ നേടി ബിഎഫ്എ വിദ്യാർഥികൾ



**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന് (കെഎംബി6) തയ്യാറെടുക്കുന്ന ഘാന കലാകാരൻ ഇബ്രാഹിം മഹാമയുടെ ഇൻസ്റ്റലേഷൻ തയ്യാറെടുപ്പിന്റെ ഭാഗമായി ഗുജറാത്തിലെയും കേരളത്തിലെയും ബിഎഫ്എ വിദ്യാർത്ഥികൾ. അഹമ്മദാബാദിലെ അനന്ത് നാഷണൽ യൂണിവേഴ്സിറ്റിയിലെയും കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുമുള്ള 22 വിദ്യാർഥികളാണ് മഹാമയ്ക്കൊപ്പം രണ്ടാഴ്ചക്കാലം പ്രവർത്തിച്ചത്. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ എബിസി ആർട്ട് റൂം പ്രോഗ്രാമിന്റെ കീഴിൽ മട്ടാഞ്ചേരി ആനന്ദ് വെയർഹൗസിൽ നവംബർ 20 മുതൽ സംഘടിപ്പിച്ച വർക്ക്ഷോപ്പ് അവസാനിച്ചു. മഹാമയുടെ ഇൻസ്റ്റലേഷനായ 'പാർലമെന്റ് ഓഫ് ഗോസ്റ്റ്സ്' നിർമ്മിക്കുന്നതിൽ ഭാഗമാകാൻ ഈ പരിപാടി വിദ്യാർഥികൾക്ക് അവസരം നൽകി. കലയുടെ പുതിയ സൗന്ദര്യശാസ്ത്രത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ വിദ്യാർഥികൾ സന്തോഷം പ്രകടിപ്പിച്ചു. ഡിസംബർ 12 ന് ആരംഭിച്ച് 110 ദിവസം നീണ്ടുനിൽക്കുന്ന ബിനാലെയിൽ ഇത് പ്രദർശിപ്പിക്കും.

മാഞ്ചസ്റ്റർ ഇന്റർനാഷണൽ ഫെസ്റ്റിവലിനായി വിഭാവനം ചെയ്തതും നിലവിൽ ബിനാലെയ്ക്കായി പുരോഗമിക്കുന്നതുമായ തന്റെ ആദ്യ അനുബന്ധ കൃതിയുമായി പാർലമെന്റിനെ ബന്ധിപ്പിക്കുന്ന സ്ലൈഡ്ഷോ മഹാമ വർക്ക്ഷോപ്പിൽ പ്രദർശിപ്പിച്ചു. ഒരു കലാസൃഷ്ടിയിൽ സ്ഥലത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തത്തിന്റെ പ്രാധാന്യത്തിനുള്ള വഴികൾ ആവിഷ്കരിച്ച മഹാമ ഓർമ, ഭൗതികത, അധ്വാനം, ചരിത്രം എന്നിവയുമായി കോർത്തിണക്കിക്കൊണ്ടുള്ള പ്രതിപാദ്യമാണ് പാർലമെന്റ് ഓഫ് ഗോസ്റ്റ്സിന്റേതെന്ന് വെളിപ്പെടുത്തി. മഹാമയുടെ കൃതികളിൽ അളവിന്റെയും വസ്തുക്കളുടെയും ഉപയോഗത്തെക്കുറിച്ച് വർക്ക്ഷോപ്പിൽ പങ്കെടുത്തവർക്ക് ധാരണ നൽകി. മഹാമയുടെ കൃതി പ്രതിനിധീകരിക്കുന്ന ശബ്ദമില്ലാത്തവരുടെ നിശബ്ദതയെക്കുറിച്ച് ശിൽപ്പശാലയിലൂടെ അറിയാൻ കഴിഞ്ഞുവെന്ന് അനന്ത് നാഷണൽ യൂണിവേഴ്സിറ്റിയിലെ നാലാം വർഷ ബിഎഫ്എ വിദ്യാർഥിയായ അഥർവ് കർക്കരെ പറഞ്ഞു. ആഖ്യാനങ്ങൾ രൂപപ്പെടുത്തുന്നതിന് ശ്രദ്ധാപൂർവ്വം വസ്തുക്കൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മഹാമ സഹായികൾക്ക് നൽകിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മാധ്യമം പര്യവേഷണം ചെയ്യുന്നതിനെക്കുറിച്ച് മഹാമ പുതിയ കാഴ്ചപ്പാടുകൾ നൽകിയെന്ന് തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിലെ നാലാം വർഷ ബിഎഫ്എ വിദ്യാർത്ഥിനിയായ നിഖില എൻ.കെ പറഞ്ഞു. ശിൽപങ്ങളും ഇൻസ്റ്റലേഷനുകളും ചെയ്യുമ്പോഴുള്ള തന്റെ പരിമിതികൾ ഭേദിക്കാൻ ശിൽപ്പശാല തനിക്ക് പ്രചോദനമായെന്ന് മാവേലിക്കര രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിലെ പി. ജയപ്രകാശ് അഭിപ്രായപ്പെട്ടു.

# തണ്ണീർത്തടം: ഭൂഖണ്ഡാന്തര ഗവേഷണ കൂട്ടായ്മയിൽ കുഫോസ് പങ്കാളിയാകുന്നു




**കൊച്ചി:** കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല തണ്ണീർത്തട ഏകാരോഗ്യ നിരീക്ഷണത്തിനുള്ള ഭൂഖണ്ഡാന്തര ഗവേഷണ കൂട്ടായ്മയിൽ പങ്കാളിയാകുന്നു. ഉഷ്ണ മേഖല തണ്ണീർത്തട സംരക്ഷണത്തിനു വേണ്ടിയിട്ടുള്ള ഏകാരോഗ്യ നിരീക്ഷണനയരൂപീകണം ലക്ഷ്യമിട്ട് ബെൽജിയത്തിലെ ഹസ്സെൽട് സർവകലാശാല നേതൃത്വം കൊടുക്കുന്ന സർവകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും അന്താരാഷ്ട്ര കൂട്ടായ്മയായ വൺ ഹെൽത്ത് മോണിറ്ററിങ് ആൻഡ് സയൻസ് പോളിസി ഇന്റർഫേസ് ഇൻ ദി മാനേജ്മന്റ് ഓഫ് ട്രോപ്പിക്കൽ വെട്ലാൻഡ്സിൽ റോയൽ ബെൽജിയം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചുറൽ സയൻസസ്, ഓപ്പൺ യൂണിവേഴ്സിറ്റി ഓഫ് നെതർലൻഡ്സ്, യൂണിവേഴ്സിറ്റി ഓഫ് വാഷിംഗ്ടൺ, യൂണിവേഴ്സിറ്റി ഡി ലുബുമ്പഷി എന്നിവരും പങ്കാളികളാണ്. ഗ്ലോബൽ സൗത്തിലെ തണ്ണീർത്തട സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ബെൽജിയത്തിലെ ഹസ്സെൽട് സർവകലാശാലയുടെ ഡി.ഐ.ഒ.എസ് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന 2 വർഷം ദൈർഘ്യമുള്ള പദ്ധതിയിൽ അഞ്ച് രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര തണ്ണീർത്തട മേഖലാ വിദഗ്ധരെ ഒന്നിപ്പിക്കും.

ട്രാൻസ് ഡിസ്സിപ്ലിനറി ഏകാരോഗ്യ മാതൃക, മനുഷ്യനും മൃഗങ്ങളും പരിസ്ഥിതിയും തമ്മിലുള്ള പരസ്പര പൂരകമായ ആരോഗ്യത്തെ സമഗ്രമായി പഠിക്കാനുള്ള അവസരം നൽകും. പ്രകൃതിയും മനുഷ്യാരോഗ്യവും തമ്മിലുള്ള ബന്ധത്തെ സമൂഹം എങ്ങനെ വീക്ഷിക്കുന്നു എന്ന് മനസ്സിലാക്കി, രോഗകാരികളുടെ പാരിസ്ഥിതിക ശാസ്ത്രത്തെക്കുറിച്ചുള്ള അറിവും സംയോജിപ്പിച്ച് കൊണ്ട് മനുഷ്യാരോഗ്യത്തിന്റെയും ആവാസവ്യവസ്ഥയുടെയും കൂടുതൽ ഫലപ്രദമായ നിയന്ത്രണത്തിനുള്ള വലിയ സാധ്യതകൾ സൃഷ്ടിക്കുക എന്നതാണ് ഏകാരോഗ്യ സമീപനത്തിലൂടെ ഉദ്ദേശിക്കുന്നത്.

ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറും ഐ യു സി എൻ ഫ്രെഷ്വാട്ടർ ഫിഷ് സ്പെഷ്യലിസ്റ് ഗ്രൂപ്പ് ന്റെ ദക്ഷിണേഷ്യാ ചെയറും ആയ ഡോ. രാജീവ് രാഘവൻ, അക്വാറ്റിക് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗത്തിലെ പ്രൊഫസർ ഡോ. കെ. രഞ്ജീത് എന്നിവരുടെ നേതൃത്വത്തിലാണ് കുഫോസിൽ ഈ പദ്ധതി സംഘടിപ്പിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഉഷ്ണമേഖലാ തണ്ണീർത്തടങ്ങളുടെ ഏകാരോഗ്യ നിരീക്ഷണം എന്ന വിഷയത്തിൽ ഒരു ഇൻഡോയൂറോപ്യൻ പരിശീലന പരിപാടി ഡിസംബർ 8 മുതൽ 13 വരെ കുഫോസിൽ സംഘടിപ്പിക്കും. 3 രാജ്യങ്ങളിൽ നിന്നും 12 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമായി 35 പേർ ഏകാരോഗ്യ ആശയത്തിന്റെ വിവിധ വശങ്ങളിലും തണ്ണീർത്തട സംരക്ഷണനിയന്ത്രണത്തിൽ അതിന്റെ പ്രായോഗികത എന്നിവയിൽ പരിശീലനം നേടും. കുഫോസ്, ഹസ്സെൽറ്റ് സർവകലാശാല, വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ , കെ.എസ്.സി.എസ്.ടി.ഇ. - സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ബെൽജിയം, നെതർലാൻഡ്സ്, ചെക്ക് റിപ്പബ്ലിക്ക്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ വെട്ലാൻഡ് , വൺഹെൽത്ത് വിദഗ്ധർ സാങ്കേതിക സെഷനുകൾ നയിക്കും. പദ്ധതിയുടെ ഭാഗമാകുന്നതിലൂടെ ഭാവി തലമുറകൾക്കായി തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആഗോള ശ്രമങ്ങളുടെ മുൻ നിരയിൽ കുഫോസും കടന്നു വരും.'എന്ന് കുഫോസ് വൈസ് ചാൻസലർ പ്രൊഫ്. എ. ബിജു കുമാർ പറഞ്ഞു.

# വിസ്മയരാവ് ഡിസംബർ 22ന്

**കൊച്ചി:** വൈറ്റില കടവന്ത്ര വിസ്മയരാവ് ഡിസംബർ 22ന് നടത്തുമെന്ന് ജനറൽ കൺവീനറും ഫാത്തിമ മാതാ പള്ളി വികാരിയുമായ ഫാ. മാർട്ടിൻ തൈപ്പറമ്പിൽ അറിയിച്ചു. എറണാകുളം വൈറ്റില മുതൽ കടവന്ത്ര വരെയുള്ള വിവിധ ക്രൈസ്തവസഭകളിലെ ഒൻപതു പള്ളികളിലെ വിശ്വാസികൾ അണിയിച്ചൊരുക്കുന്ന ഈ ക്രിസ്തുമസ് സ്നേഹസംഗമത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചതായി ആഘോഷ കമ്മിറ്റി രക്ഷാധികാരികളായ ലിറ്റിൽ ഫ്ളവർ പള്ളി വികാരി ഫാ. ജോയ് അയിനിയാടൻ, സെന്റ് മേരീസ് സൂനോറോ പള്ളി വികാരി ഫാ. സാംസൺ മേലോത്ത് എന്നിവർ പറഞ്ഞു. ഇത്തവണയും ആയിരക്കണക്കിന് പാപ്പാഞ്ഞിമാരും മാലാഖമാരും അണിനിരക്കുന്ന വിസ്മയ രാവ് റാലി നഗരത്തിന് സന്തോഷമേകും. എളംകുളം ഫാത്തിമ മാതാ പള്ളിയിൽ നിന്ന് തുടങ്ങുന്ന റാലി സമ്മേളനവേദിയായ ലിറ്റിൽ ഫ്ളവർ പള്ളിയിൽ എത്തിച്ചേരും. വൈറ്റില സെന്റ് പാട്രിക് , എളംകുളം സെന്റ് മേരീസ് സൂനോറോ, ഫാത്തിമ മാതാ, സെന്റ് ഗ്രിഗോറിയോസ്, ജറുസലേം മാർത്തോമ്മ, സിഎസ്ഐ ക്രൈസ്റ്റ്, ലിറ്റിൽ ഫ്ളവർ, കടവന്ത്ര സെന്റ് ജോസഫ്, സെന്റ് സെബാസ്റ്റ്യൻ എന്നീ പള്ളികളിലെ വിശ്വാസികളും നാനാജാതി മതസ്ഥരുമാണ് മതമൈത്രിയുടെയും എക്യുമെനിസത്തിന്റെയും ഈ സ്നേഹ വിസ്മയം അണിയിച്ചൊരുക്കുന്നത്. സാമൂഹിക രാഷ്ട്രീയ രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും.

ഒൻപതു ദേവാലയങ്ങളിലെ വൈദിക പ്രതിനിധികൾ ചേർന്ന് ദീപംതെളിച്ച് ഈ എക്യുമെനിക്കൽ സംഗമത്തിന് തുടക്കം കുറിക്കും. സിഎസ്ഐ സഭ കൊച്ചി മെത്രാൻ റൈറ്റ്. റവ. കുര്യൻ പീറ്റർ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. കടവന്ത്ര സാൻജോ ഹാളിൽ നടന്ന സംഘാടക സമിതി രൂപീകരണ സമ്മേളനത്തിൽ ചെയർമാനും ജറുസലേം മാർത്തോമ്മാ പള്ളി വികാരിയുമായ ഫാ. കെ.ജി. ജോസഫ് അധ്യക്ഷത വഹിച്ചു.

സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. ജോൺസൺ ഡിക്കുഞ്ഞ, സിഎസ്ഐ ക്രൈസ്റ്റ് പള്ളി വികാരി ഫാ. മാമ്മൻ ആബേ, സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. പ്രിൻസ് മാത്യു, സെന്റ് പാട്രിക്ക് പള്ളി വികാരി ഫാ. സോജൻ തോപ്പിൽ എന്നിവർ വിവിധ കമ്മിറ്റി കൺവീനർമാരായി 100 അംഗ സംഘാടക സമിതി രൂപീകരിച്ചു പ്രവർത്തനം തുടങ്ങിയതായി പബ്ലിസിറ്റി കൺവീനർ ഫാ. ജോസഫ് കണിയാംപറമ്പിൽ പറഞ്ഞു. ഒൻപതു പള്ളികളിലെ വിശ്വാസികൾ അവതരിപ്പിക്കുന്ന കലാപരിപാടികളോടെ വിസ്മയരാവ് സമാപിക്കും. സ്നേഹ വിരുന്നും സംഘടിപ്പിച്ചിട്ടുണ്ട്.

## മെഡി. കോളജ് ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്ക് നിർമാണം പുരോഗമിക്കുന്നു

**ഗാന്ധിനഗർ:** മെഡിക്കൽ കോളജ് ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമാണം പുരോഗമിക്കുന്നു. നാലുനിലകളിലുള്ള ബിൽഡിംഗിന്റെ നിർമാണം നടന്നുവരികയാണ്. അത്യാധുനിക ചികിത്സ സംവിധാനമാണ് ക്രിട്ടിക്കൽ കെയർ യൂണിറ്റിൽ ഒരുക്കുന്നത്.

ദേശീയ ആരോഗ്യ മിഷന്റെ നേതൃത്വത്തിലാണ് നിർമാണം നടക്കുന്നത്. 16,59,18,314 കോടി രൂപയുടെ പദ്ധതിയാണ്. ക്രിട്ടിക്കൽ കെയർ ബ്ലോക്കിൻറെ നിർമാണം പൂർത്തിയായി പ്രവർത്തനം തുടങ്ങുന്നതോടെ മെഡിക്കൽ കോളജ് ആശുപത്രിയുടെ മികവ് ഒരു പടികൂടി വർധിക്കും.

## ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു

**ബത്തേരി:** ശുചിത്വ മിഷന്റെ നേതൃത്വത്തിൽ തദ്ദേശ തെരഞ്ഞെടുപ്പ് ഹരിതചട്ട ബോധവത്കരണ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചു. മുട്ടിൽ ഡൗൺ ടൗൺ ടർഫിൽ നടന്ന സൗഹൃദ ടൂർണമെന്റ് ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ കെ അനൂപ് ഉദ്ഘാടനം ചെയ്തു.

ഹരിത തെരഞ്ഞെടുപ്പ്, മാലിന്യമുക്ത വയനാട് എന്ന സന്ദേശത്തിലായിരുന്നു മത്സരങ്ങൾ. പ്രചാരണത്തിന് പ്ലാസ്റ്റിക് ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുമെന്ന് ടീമുകൾ പ്രതിജ്ഞയെടുത്തു. സൗഹൃദ മത്സരങ്ങളിലൂടെ കായികപരമായ ഉണർവിനൊപ്പം തെരഞ്ഞെടുപ്പ് പ്രക്രിയ പരിസ്ഥിതി സൗഹൃദമാക്കുകയെന്ന സന്ദേശം നൽകാനും സാധിച്ചതായി സംഘാടകർ പറഞ്ഞു.

## സന്ദർശകർക്ക് പ്രവേശനമില്ല

**തിരുവനന്തപുരം:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഡിസംബർ 9ന് തിരുവനന്തപുരം മൃഗശാലയിലും മ്യൂസിയങ്ങളിലും സന്ദർശകരെ പ്രവേശിപ്പിക്കില്ലെന്ന് മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ അറിയിച്ചു.



## അമൃത ഇന്റർനാഷണൽ പബ്ലിക് ഹെൽത്ത് കോൺഫറൻസ് സമാപിച്ചു

**കൊച്ചി :** മെറ്റബോളിക് ആരോഗ്യ രംഗത്തെ പുതിയ വെല്ലുവിളികളും, പ്രതിരോധ മാർഗങ്ങളും, ക്ഷേമത്തിനുള്ള പാതകളും ചർച്ച ചെയ്ത് ഏഴാമത് അമൃത ഇന്റർനാഷണൽ പബ്ലിക് ഹെൽത്ത് കോൺഫറൻസ് 2025 അമൃത ആശുപത്രിയിൽ നടന്നു. കൊച്ചി അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ, പബ്ലിക് ഹെൽത്ത്, എൻഡോക്രിനോളജി , ഗ്യാസ്ട്രോ എന്ററോളജി എന്നീ വിഭാഗങ്ങൾ ചേർന്നാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. 'മെറ്റബോളിക് ഹെൽത്ത് മാറ്റേഴ്സ്: പാത്ത് വേയ്സ് ടു പ്രിവൻഷൻ ആന്റ് വെൽനസ്' എന്നതായിരുന്നു ഈ വർഷത്തെ സമ്മേളനത്തിന്റെ പ്രമേയം.

കൊച്ചി സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ സമ്മേളനം ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസങ്ങളിലായി നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തി. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ, അമൃത വിശ്വവിദ്യാപീഠം റിസർച്ച് ഡീൻ ഡോ. ഡി.എം വാസുദേവൻ, അമൃത ആശുപത്രിയിലെ ഡോക്ടർമാരായ ഡോ. എസ്. അശ്വതി, ഡോ. കെ.ആർ.തങ്കപ്പൻ, ഡോ. ശോഭ ജോർജ്, ഡോ. പ്രിയ നായർ, ഡോ. നിഷ ഭവാനി, ഡോ. ശ്രീലക്ഷ്മി മോഹൻദാസ്, തുടങ്ങിയവർ പങ്കെടുത്തു.

അമേരിക്ക, ഓസ്ട്രേലിയ, ഫിൻലൻഡ്, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളടക്കം ഗവേഷകർ, ക്ലിനിഷ്യൻസ്, പൊതുജനാരോഗ്യ വിദഗ്ദ്ധർ എന്നിവരുൾപ്പെടെ രാജ്യത്തിനകത്തും പുറത്തുമുള്ള 450 ഓളം പേരാണ് പങ്കെടുത്തത്. കോൺഫറൻസിന്റെ വിവിധ സെഷനുകളിൽ പ്രിസിഷൻ മെഡിസിൻ , നോൺകമ്മ്യൂണിക്കബിൾ ഡിസീസുകളിലേക്കുള്ള സംയോജിത പ്രതിരോധ മാതൃകകൾ, മൾട്ടിമോർബിഡിറ്റി, ഡിജിറ്റൽ ആരോഗ്യ സംവിധാനങ്ങൾ, ബയോമാർക്കറുകൾ, അർബുദം നേരത്തേ കണ്ടെത്തൽ, അമിതവണ്ണവും ജീവിതശൈലീ ചികിത്സയും, പ്രമേഹ നിവാരണ പരിപാടികൾ, കൗമാരക്കാരുടെ മെറ്റബോളിക് ആരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ഇസുസു ഐ കെയർ വിന്റർ ക്യാമ്പ് സംഘടിപ്പിക്കുന്നു

**തിരുവനന്തപുരം:** ഇസുസു മോട്ടേഴ്സ് ഇന്ത്യ ഇസുസു ഡിമാക്സ് പിക്ക്അപ്പുകൾക്കും എസ് യുവികൾക്കുമായി ഐ കെയർ വിന്റർ ക്യാമ്പ് ആരംഭിക്കുന്നു. ഡിസംബർ 8 മുതൽ ഡിസംബർ 13 വരെ എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും ഉപഭോക്താക്കൾക്ക് സർവീസ് ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന, പണിക്കൂലിയിൽ 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് അഞ്ചു ശതമാനം കിഴിവ്, ലൂബ്രിക്കന്റുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ചു ശതമാനം കിഴിവ് റീട്ടെയിൽ ആർഎസ്എയിൽ 20 ശതമാനം കിഴിവ് തുടങ്ങിയവയാണ് ഇസുസു ഐ കെയർ വിന്റർ ക്യാമ്പിൽ നിന്നും ലഭിക്കുന്നത്.

## അമേരിക്കയിൽ മലയാളി യുവാവിന് റൈസിംഗ് സ്റ്റാർ അവാർഡ്

**അങ്കമാലി:** അമേരിക്കയിലെ ഓട്ടോമോട്ടീവ് രംഗത്തു പ്രവർത്തിക്കുന്ന യുവപ്രതിഭകൾക്കു നൽകുന്ന റൈസിംഗ് സ്റ്റാർ അവാർഡിന് മലയാളിയായ ഓസ്റ്റിൻ പയ്യപ്പിള്ളി അർഹനായി.

നിർമാണ, വിതരണ രംഗത്തെ ആഗോള കമ്പനിയായ റോബറട്ട് ബോഷിലെ ഓട്ടോമോട്ടീവ് പ്രൊഡക്ട് ആൻഡ് അക്യുസിഷൻ ഡയറക്ടറാണ് ഇദ്ദേഹം.




## കാർഷികോൽപ്പന്നങ്ങളെ മൂല്യവർധിതമായി അവതരിപ്പിക്കാനാകണം

**കൊച്ചി:** കേരളത്തിൽ കൃഷി ചെയ്യുന്ന ഉത്പന്നങ്ങളിൽ നിന്ന് പ്രീമിയം വസ്തുക്കൾ അവതരിപ്പിക്കാൻ സാധിച്ചാൽ ചെറുകിട കർഷകർ ഉൾപ്പെടെയുള്ളവർക്ക് മികച്ച വരുമാനത്തിന് സാധ്യത തുറക്കുമെന്ന് അഗ്രിബിസിനസ് സംരംഭകനും പോസ്റ്റ് ഹാർവെസ്റ്റ് സ്പെഷ്യലിസ്റ്റുമായ റെന്നി ജേക്കബ് പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ ഇൻസൈറ്റ് എക്സ് സീരിസിലെ 110മത് എഡിഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാർഷികവൃത്തിയോടൊപ്പം കാർഷിക ടൂറിസം കൂടി അവതരിപ്പിക്കാൻ കേരളം ശ്രമിക്കണം. കേരളത്തിലെ വിവിധയിനം പഴങ്ങളിൽ നിന്ന് വൈൻ നിർമിക്കാനാവുമെന്നും പഴങ്ങളുടെ വൈൻ കൊണ്ടുമാത്രം കേരളം ശ്രദ്ധിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. പഴങ്ങളുടെ വൈൻ നിർമാണത്തിന് വലിയ സാധ്യതകളുള്ള പ്രദേശമാണ് കേരളം. മൂല്യവർധിതമായി എന്ത് ഉത്പാദിപ്പിക്കാനാവുമെന്ന് ചിന്തിക്കുകയും നവീകരണത്തെ കുറിച്ച് ആലോചിക്കുകയും ചെയ്യണം. മികച്ച രീതിയിൽ കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. കാർഷിക പ്രവർത്തനങ്ങളെന്നത് ഒഴിവു സമയങ്ങളിലോ പാർട്ട് ടൈമായോ പ്രവർത്തിക്കേണ്ട ജോലിയല്ല. കർഷകർക്ക് കമ്പോളത്തെ കുറിച്ച് കൂടുതൽ അറിയില്ലെങ്കിൽ അത്തരം കാര്യങ്ങളിലെ വിദഗ്ധരുമായി കൂടിക്കാഴ്ച നടത്താമെന്നും അദ്ദേഹം പറഞ്ഞു.

പഴയ കാർഷിക കാര്യങ്ങൾ പാടേ മറന്നേക്കുകയും പുതിയ രീതികൾ പരീക്ഷിക്കുകയും ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം സദസ്സിനെ ഉദ്ബോധിപ്പിച്ചു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. കെ എം എ വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയറുമായ ദിലീപ് നാരായണൻ, ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ പ്രസംഗിച്ചു.



## ദുബായിൽ പ്രവർത്തനം വിപുലീകരിച്ച് ഐസിഎൽ; നവീകരിച്ച കോർപ്പറേറ്റ് ആസ്ഥാനം തുറന്നു

**ദുബായ്:** ഐ.സി.എൽ ഗ്രൂപ്പിന്റെ പുതിയ കോർപ്പറേറ്റ് ആസ്ഥാനം ദുബായിലെ ഊദ് മെഹ്തയിൽ പ്രവർത്തനം ആരംഭിച്ചു. ഓഫീസ് കോർട്ട് കെട്ടിടത്തിൽ ഏകദേശം 10,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സജ്ജീകരിച്ചിരിക്കുന്ന ആസ്ഥാന മന്ദിരം കരീബിയൻ രാജ്യങ്ങളുടെ ഗുഡ് വിൽ അംബാസഡറും ഐ.സി.എൽ ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ. ജി. അനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ഐ.സി.എൽ ഗ്രൂപ്പിന്റെ ഭാവി വളർച്ചയ്ക്ക് ദുബായ് നഗരം വലിയ സാധ്യതകളാണ് മുന്നിൽവെക്കുന്നതെന്ന് അഡ്വ. കെ. ജി. അനിൽ കുമാർ പറഞ്ഞു. ഇന്ത്യയിലെന്നപോലെ തന്നെ മിഡിൽ ഈസ്റ്റിലും പ്രവർത്തനം കൂടുതൽ ശക്തമാക്കും. ദുബായെ ആസ്ഥാനമാക്കി യു.കെ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലേക്കും ബിസിനസ് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സുതാര്യതയുടെയും ധാർമ്മികതയുടെയും അടിസ്ഥാനത്തിലാണ് ഐ.സിഎൽ ഗ്രൂപ്പിന്റെ പ്രവർത്തനം മുന്നേറുന്നതെന്നും അഡ്വ. കെ. ജി. അനിൽ കുമാർ പറഞ്ഞു.ആഗോളതലത്തിൽ ടൂറിസം രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തി യു.എൻ വേൾഡ് ടൂറിസം ഓർഗനൈസനിൽ അഫിലിയേറ്റ് ചെയ്ത ഐ.സി.എൽ ടൂർസ് ആൻഡ് ട്രാവൽസ് ദുബായെ ഹബ്ബാക്കി വേൾഡ് വൈഡ് ഓപ്പറേഷനുകൾ ഏകോപിപ്പിക്കുന്നതാണ് അടുത്ത ഘട്ട ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് വിശ്വസ്തവും ഗുണമേന്മയുള്ളതുമായ സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനൊപ്പം, ആഗോളതലത്തിൽ ശക്തമായ ബ്രാൻഡിംഗ് ഉറപ്പുവരുത്തുകയെന്നതാണ് ഐസിഎൽ ഗ്രൂപ്പിന്റെ ദീർഘകാല ലക്ഷ്യമെന്ന് ഐ.സി.എൽ ഗ്രൂപ്പ് ഇന്റർനാഷണൽ ഓപ്പറേഷൻസ് ഡയറക്ടർ അമൽജിത്ത് എ. മേനോൻ അറിയിച്ചു. പാവപ്പെട്ടവർക്കും കലാകാരന്മാർക്കും സഹായം എത്തിക്കുന്നതിനായി ഐസിഎൽ ചാരിറ്റി പ്രവർത്തനങ്ങളിലും ശ്രദ്ധ പുലർത്തി വരുന്നതായും അദ്ദേഹം വ്യക്തമാക്കി. 2018ൽ ദുബായിൽ പ്രവർത്തനം ആരംഭിച്ച ഐസിഎൽ ടൂർസ് ആൻഡ് ട്രാവൽസ് ഇപ്പോൾ എട്ടാം വർഷത്തിലേക്ക് കടക്കുകയാണ്. 200ലധികം ജീവനക്കാരുള്ള പുതിയ കോർപ്പറേറ്റ് ഓഫീസിൽ ഐസിഎൽ ഇൻവെസ്റ്റ്മെന്റ് സർവീസസിന് പുറമെ ഐസിഎൽ ഗോൾഡ് ട്രേഡിംഗ്, ഐസിഎൽ റിയൽ എസ്റ്റേറ്റ് ആൻഡ് പ്രോപ്പർട്ടീസ്, ഐസിഎൽ ലാമ ഡെസേർട്ട് സഫാരി, ഐസിഎൽ മറൈൻ ടൂറിസം, ഐസിഎൽ ട്രാവൽ ആൻഡ് ടൂറിസം, ഐസിഎൽ ബാങ്കിംഗ് ചാനൽ പാർട്നർ സേവനങ്ങൾ, ഐസിഎൽ ഹോസ്പിറ്റാലിറ്റി വിഭാഗം തുടങ്ങിയ വിവിധ ബിസിനസ് മേഖലകളും പ്രവർത്തിക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ബിനാലെയ്ക്ക് പിന്തുണയുമായി യൂസഫലി; ഒരു കോടി രൂപയുടെ ചെക്ക് കൈമാറി

**കൊച്ചി:** കൊച്ചി മുസിരീസ് ബിനാലെയ്ക്കുള്ള പിന്തുണ ആവർത്തിച്ച് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. ബിനാലെയുടെ പ്ലാറ്റിനം ബെനിഫാക്ടറായി പിന്തുണ അറിയിച്ച് ഒരു കോടി രൂപയുടെ ചെക്ക് കൈമാറി. എം.എ യൂസഫലിക്ക് വേണ്ടി ലുലു ഗ്രൂപ്പ് ഇന്ത്യ ഡയറക്ടറും സി.ഒ.ഒയുമായ ഫഹാസ് അഷറഫ് മട്ടാഞ്ചാരിയിലെ കൊച്ചി മുസീരിസ് ബിനാലെ ഓഫീസിലെത്തിയാണ് ചെക്ക് കൈമാറിയത്. ബിനാലെ ചെയർപേഴ്സണും മുൻ ചീഫ് സെക്രട്ടറിയുമായ ഡോ വി വേണു ഫഹാസ് അഷറഫിൽ നിന്ന് ചെക്ക് സ്വീകരിച്ചു. ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, സി.ഇ.ഒ തോമസ് വർഗീസ്, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, മാനേജർ വി. പീതാംബരൻ എന്നിവർ സന്നിഹിതരായിരുന്നു.

മുൻകാലങ്ങളിലും എം.എ യൂസഫലി മുസീരിസ് ബിനാലെയ്ക്ക് പിന്തുണ പ്രഖ്യാപിച്ച് സാമ്പത്തിക സഹായം നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് ഇത്തവണയും ബിനാലെയ്ക്കുള്ള സംഭാവന നൽകിയത്. സ്റ്റുഡൻസ് ബിനാലെ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിക്കും. കൊച്ചിയുടെ സാസ്കാരിക പൈതൃകത്തെ ഊട്ടിയുറപ്പിക്കുന്ന പദ്ധതികൾക്ക് ലുലു ഗ്രൂപ്പ് നൽകുന്ന പിന്തുണയാണിതെന്ന് ലുലു ഗ്രൂപ്പ് സി.ഒ.ഒ ആൻഡ് ഡയറക്ടർ ഫഹാസ് അഷറഫ് പറഞ്ഞു.

# ഒച്ച മ്യൂസിക് ഫെസ്റ്റിവലിൽ ഗാനങ്ങൾ അവതരിപ്പിച്ച് റാപ്പർ രാജ കുമാരി

**കൊച്ചി:** ഗ്രാമി നോമിനേഷൻ നേടിയ ഇന്ത്യൻ വംശജയായ അമേരിക്കൻ റാപ്പർ രാജ കുമാരി ഒച്ച മ്യൂസിക് ഫെസ്റ്റിവലിൽ ഗാനങ്ങൾ അവതരിപ്പിച്ച് കൊച്ചിയെ ത്രസിപ്പിച്ചു. കൊച്ചി കളമശ്ശേരി ചക്കോളാസ് മിൽസിലെ ദി ഗ്രൗണ്ട്സ് വേദിയിൽ നടന്ന ഒച്ച മ്യൂസിക് ഫെസ്റ്റിവലിൽ സിറ്റി സ്ലംസ്, മേഡ് ഇൻ ഇന്ത്യ, ജവാൻ, ബോൺ ടു വിൻ, റെവോൾവർ തുടങ്ങിയ സൂപ്പർഹിറ്റ് ഗാനങ്ങനങ്ങളാണ് അവതരിപ്പിച്ചത്.

ഇതൊരു സാധാരണ മ്യൂസിക് പെർഫോമൻസ് അല്ലെന്നും ഒരു സാംസ്കാരിക സംവാദമാണെന്നും റാപ്പർ രാജ കുമാരി പറഞ്ഞു. ഇനിയും കേരളത്തിൽ ഇത്തരം പെർഫോമൻസ് നടത്താനുള്ള അവസരങ്ങൾക്കായി കാത്തിരിക്കുകയാണെന്ന് അവർ പറഞ്ഞു.

രാജ കുമാരിയുടെ സാന്നിധ്യം ഒരു പെർഫോമൻസിനപ്പുറം ആഗോള കലാസാന്നിധ്യവും കേരളത്തിൽ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഹിപ്പ്ഹോപ്പ് സംസ്കാരവും തമ്മിലുള്ള ഒരു സാംസ്കാരിക പാലമായി മാറി.



# അഖില കേരള സെവൻസ് ഫുട്ബോൾ: ആസ്റ്ററും സെന്റ്. ജോസഫും ജേതാക്കൾ

**കോലഞ്ചേരി:** കോലഞ്ചേരി കെ.സി.സി സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സി.വി ജേക്കബ് മെമ്മോറിയൽ സിന്തെറ്റ് കപ്പിനു വേണ്ടിയുള്ള അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണമെന്റ് കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ സമാപിച്ചു. 19 വയസ്സിന് താഴെയുള്ള സ്കൂൾ ടീമുകളിൽ സെന്റ്. ജോസഫ് എച്ച്.എസ്.എസ് കിഴക്കമ്പലം ജേതാക്കളായപ്പോൾ എബനേസർ എച്ച്.എസ്.എസ് വീട്ടൂർ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

സീനിയർ വിഭാഗത്തിൽ ആസ്റ്റർ മെഡിസിറ്റി ബെനിഫിക്ക കൊടുങ്ങല്ലൂർ ആണ് ജേതാക്കളായത്. ബേസിക് പെരുമ്പാവൂർ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്ലബ് പ്രസിഡന്റ് ജോജി എളൂരിന്റെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ സിന്തെറ്റ് ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ അജു ജേക്കബ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂൾ മാനേജർ അഡ്വ. മാത്യു പി. പോൾ എന്നിവർ ചേർന്ന് വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു. കോലഞ്ചേരി കെ.സി.സി സ്പോർട്സ് ക്ലബ്ബിന്റെ സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി അർഹതപ്പെട്ട നാലു പേർക്ക് വീൽ ചെയറും ഒരാൾക്ക് ഒരു മാസത്തേക്ക് ഡയാ



ലിസിസ് ചെയ്യുവാനുള്ള തുകയും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂൾ ബോർഡ് ചെയർമാൻ ഫാദർ ജേക്കബ് കുര്യൻ, ഫാദർ അനു തോമസ്, ഫാദർ റോബിൻ എന്നിവർ ചേർന്ന് വിതരണം ചെയ്തു. ടൂർണമെന്റ് ജനറൽ കൺവീനർ എം.പി ബെന്നി പ്രസംഗിച്ചു.



# അക്കാഡമിക് ബുക്ക് ഹൗസ് വളഞ്ഞമ്പലത്ത്

**കൊച്ചി:** കഴിഞ്ഞ നാൽപത് വർഷമായി എറണാകുളം സൗത്ത് ജംഗ്ഷനിൽ പ്രവർത്തിച്ച് വന്നിരുന്ന അക്കാഡമിക് ബുക്കിന്റെ പുതിയ ഷോറൂം എറണാകുളം വളഞ്ഞമ്പലത്ത് പ്രവർത്തനം ആരംഭിച്ചു. ചിറ്റൂർ റോഡിൽ കേരള ബാങ്കിന് എതിർ വശമുള്ള കൊളത്തേരി ഷോപ്പിംഗ് കോംപ്ലക്സിൽ ആരംഭിച്ച ഷോറൂമിന്റെ ഉദ്ഘാടനം ഹൈബി ഈ ഡൻ എം.പി. നിർവഹിച്ചു. ചടങ്ങിൽ ടി.ജെ. വിനോദ് എം.എൽ.എ, ചേർത്തല ശ്രീ ശങ്കര ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പാൾ യു സുരേഷ് കുമാർ, മാനേജർ പി.കെ. ചന്ദ്രമോഹൻ,ശ്രീ ശാരദ വിദ്യാലയ പ്രിൻസിപ്പാൾ ഡോ. ദീപ ചന്ദ്രൻ, അക്കാഡമിക് ബുക്ക് ഹൗസ് മാനേജിങ് ഡയറക്ടർ കെ. മുരളീധരൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

# ഫെസ്റ്റീവ് മീൽസുമായി അകാസ എയർ

**കൊച്ചി:** അകാസ എയറിന്റെ ഓൺബോർഡ് മീൽ സർവീസായ കഫേ അകാസ, ഹോളിഡേ സീസണിന്റെ ഊഷ്മളതയും സന്തോഷവും ആഹ്ളാദവും ആഘോഷിക്കുന്നതിനായി തയ്യാറാക്കിയ ക്രിസ്മസ് സ്പെഷ്യൽ മീൽ നാലാം എഡിഷൻ അവതരിപ്പിച്ചു.

ഗോവൻ രുചിക്കൂട്ടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മോച്ച ബെബിങ്കയ്ക്കൊപ്പം സ്വാദിഷ്ടമായ റോസ്റ്റ് ചിക്കൻ പൈയും തിരഞ്ഞെടുക്കുന്ന പാനീയവും ഉൾപ്പെടെയുള്ള ഡിലൈറ്റുകൾ ഈ ഓഫറിന്റെ സവിശേഷതയാണെന്ന് ആകാസ എയർ അധികൃതർ വ്യക്തമാക്കി.

അകാസ എയർ നെറ്റ്വർക്കിലുടനീളം ഡിസംബർ മാസത്തിൽ മാത്രം ലഭ്യമാകുന്ന ഈ ഫെസ്റ്റീവ് ഓഫറിംഗ്, അകാസ എയറിന്റെ വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്പ് വഴിയോ അനായാസം പ്രീ ബുക്ക് ചെയ്യാം.

# ഇൻസുലിൻ പമ്പുകൾ വിതരണം ചെയ്തു

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ റോയൽസ് ഗ്ലോബൽ ഗ്രാന്റ് പ്രൊജക്ടായ ഡയബറ്റ്ഈസ്ന്റെ ഭാഗമായി ഇൻസുലിൻ പമ്പുകൾ വിതരണം ചെയ്തു. കളമശ്ശേരി മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മിട്ടായി ക്ലിനിക്കുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ടൈപ്പ് 1 ഡയബെറ്റീസ് ബാധിച്ച 5 കുട്ടികൾക്കാണ് ഇന്സുലിൻ പമ്പുകൾ വിതരണം ചെയ്തത്.

കൂടാതെ കണ്ടിന്യൂയോസ് ഗ്ലൂക്കോസ് മോണിറ്ററിങ് മെഷീനുകൾ ഉൾപ്പടെ 4 വർഷത്തേക്കുള്ള ഡിവൈസ് സപ്പോർട്ട് ഉൾപ്പെടുന്ന ഏകദേശം 5 ലക്ഷം രൂപ വരുന്ന പാക്കേജാണ് റോട്ടറി ക്ലബ് കൊച്ചിൻ റോയൽസിന്റെ ആഭിമുഖ്യത്തിൽ ചിറ്റിലപ്പള്ളി സ്ക്വയറിൽ നടന്ന ചടങ്ങിൽ കുട്ടികൾക്ക് വിതരണം ചെയ്തത്.

കൊച്ചിൻ റോയൽസ് എല്ലാ വർഷവും നടത്തി വരുന്ന ഫണ്ട് റൈസിംഗ് പരിപാടികളായ റോയൽ ഗംബിട്, ഡോക്ടർസ് റോയൽ ലീഗ്, ഹൈറേൻജ് കപ്പ് എന്നിവയിലൂടെയും മറ്റു സന്നദ്ധ റോട്ടറിയൻസിലൂടെയുമാണ് ഈ തുക സമാഹരിക്കുന്നത്.റോട്ടറി ഡിസ്ട്രിക്ട് ഗവർണ്ണർ ഡോ. ജി എൻ രമേശ് മുഖ്യാതിഥിയായ ചടങ്ങിൽ ഡി ജി ഇ ജോഷിയ ചാക്കോ, ഡി ജി എൻ ജയശങ്കർ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ റോയൽസ് പ്രസിഡന്റ് ഗോപീകൃഷ്ണ എം, എ ജി സിജോ തോമസ്, ഡി ആർ എഫ് സി സി ബാലഗോപാൽ, മെഡിട്രോണിക്സ് നാഷണൽ ഹെഡ് ദിനു, ഗ്ലോബൽ ഗ്രാന്റ് ചെയർ റോബിൻ ചെറിയാൻ, ഡോ. ബിബു ജോർജ്, ഡോ. അരുൺ മേനോൻ, ഡോ. ബീഫിൻ ബിഗം ക്ലബ് സെക്രട്ടറി അരുൺ ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.




# ടിവിഎസ് മോട്ടോസോളിന്റെ അഞ്ചാം പതിപ്പിന് സമാപനം

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനി സംഘടിപ്പിച്ച ടിവിഎസ് മോട്ടോസോൾ മോട്ടോർസൈക്കിൾ ഫെസ്റ്റിന്റെ അഞ്ചാം പതിപ്പ് ഗോവയിൽ സമാപിച്ചു. ടിവിഎസ് മോട്ടോസോൾ 5.0യുടെ രണ്ടാം ദിനത്തിൽ ഇന്നൊവേഷൻ, ഡിസൈൻ, സാങ്കേതികവിദ്യ, റൈഡർ അനുഭവങ്ങൾ എന്നിവക്കായിരുന്നു പ്രാധാന്യം നൽകിയത്. സമാപന ദിവസം സുപ്രധാന പ്രഖ്യാപനങ്ങളും ടിവിഎസ് മോട്ടോർകമ്പനി നടത്തി. നെക്സ്റ്റ് ജെൻ റൈഡർ സുരക്ഷയ്ക്കായുള്ള നൂതനമായ എആർ സാങ്കേതികവിദ്യപ്രാപ്തമാക്കിയ ഹെഡ്സ്അപ്പ് ഡിസ്പ്ലേ (എച്ച്യുഡി) സൊല്യൂഷനായ ഏജിസ് റൈഡർ വിഷൻ ഹെൽമെറ്റ് മേളയിൽ പ്രദർശിപ്പിച്ചു. എംടി ഹെൽമെറ്റ്സുമായുള്ള ടിവിഎസ് റേസിങിന്റെ സഹകരണ പ്രഖ്യാപനവും ഇതോടൊപ്പം നടന്നു. ടിവിഎസ് റേസിങും എംടി ഹെൽമെറ്റ്സും ചേർന്ന് അന്താരാഷ്ട്ര തലത്തിൽ അംഗീകാരമുള്ള ഇസിഇ സർട്ടിഫൈഡ് ഹെൽമെറ്റുകളുടെ ഒരു പുതിയ ശ്രേണി ഇന്ത്യയിൽ അവതരിപ്പിക്കും. ടിവിഎസ് റേസിങ് ഓഫ്റോഡ് ട്രെയിനിങ് അക്കാദമിക്കും ഫെസ്റ്റിവലിന്റെ അവസാന ദിവസം തുടക്കമിട്ടു. ഓഫ്റോഡ്, അഡ്വഞ്ചർ റൈഡിങ് കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പ്രത്യേക പരിശീലന പ്ലാറ്റ്ഫോമാണിത്. ടിവിഎസ് റേസിങ് ചാമ്പ്യൻമാരുടെ നേതൃത്വത്തിൽ ലെവൽ 1 വൈദഗ്ധ്യ പരിശീലനമാണ് ഇവിടെ നൽകുക. ഡിജെ നുക്ലേയയുടെയും ലഗോരിയുടെയും ലൈവ് പെർഫോമൻസോടെയാണ് രണ്ടാം ദിവസത്തെ പരിപാടികൾ സമാപിച്ചത്. വാഗറ്റോർ സെന്റ് മൈക്കിൾസ് കോൺവെന്റ് ഹൈസ്കൂളിലെ വിദ്യാർഥികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് നേരത്തെ അവബോധം നൽകുന്നതിനായി 100 ഹെൽമെറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

# ടർക്കിഷ് എയർലൈൻസ് സാംസങ് സ്മാർട് ടാഗ് ബാഗേജ് സർവീസ്




**കൊച്ചി:** ലോകത്ത് ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ സർവീസ് നടത്തുന്ന ടർക്കിഷ് എയർലൈൻസ്, സാംസങ്മായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഡിസംബർ ഒന്നു മുതൽ യാത്രക്കാർക്ക് ഗാലക്സി സ്മാർട്ട്ടാഗ് ഉപയോഗിച്ച് അവരുടെ ബാഗേജ് 'സ്മാർട്ട് തിങ്സ് ഫൈൻഡ്' വഴി എളുപ്പത്തിൽ ട്രാക്ക് ചെയ്യാനുള്ള സൗകര്യം ലഭിക്കും. ഇതിലൂടെ തെറ്റിപ്പോയതോ വൈകിയതോ ആയ ബാഗുകൾ വേഗത്തിൽ കണ്ടെത്താൻ കഴിയും.

ഈ സഹകരണത്തോടെ യാത്രക്കാരുടെ ബാഗേജ് ട്രാക്കിംഗിൽ സ്മാർട്ട് തിങ്സ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ലോകത്തിലെ ആദ്യ എയർലൈൻ എന്ന നിലയിലേക്ക് ടർക്കിഷ് എയർലൈൻസ് മാറി. സ്മാർട്ട് തിങ്സ് ആപ്പിൽ യാത്രക്കാർക്ക് അവരുടെ ബാഗിന്റെ ഫോട്ടോ അപ്ലോഡ് ചെയ്യാനും അതിലൂടെ തിരിച്ചറിയൽ കൂടുതൽ എളുപ്പമാക്കാനുമാകും. ഭാവിയിൽ മറ്റു യാത്രാസൗകര്യങ്ങൾക്കും ഈ ലൊക്കേഷൻ അടിസ്ഥാന സാങ്കേതികവിദ്യ ഉപയോഗിക്കാൻ എയർലൈൻസ് ലക്ഷ്യമിടുന്നു.

സാങ്കേതിക നവീകരണം വഴിയുള്ള യാത്രാനുഭവം മെച്ചപ്പെടുത്തുന്നതിൽ കമ്പനി മുന്നിലെത്തുകയാണെന്നും സാംസങ് സാങ്കേതികതയുമായി ചേർന്നുള്ള ഈ സംരംഭം യാത്രക്കാരുടെ സൗകര്യത്തിനാണെന്നും ടർക്കിഷ് എയർലൈൻസ് ഐടി ചീഫ് കെറെം കിസിൽടുൻച് പറഞ്ഞു.

'സ്മാർട്ട് തിങ്സ് ഫൈൻഡ്' അനുഭവം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനാണ് ശ്രമമെന്നും, ടർക്കിഷ് എയർലൈൻസുമായുള്ള സഹകരണം യാത്രാനുഭവം കൂടുതൽ സുഗമമാക്കുമെന്നും സാംസങ് സ്മാർട് തിങ്സ് വിഭാഗം വൈസ് പ്രസിഡന്റ് ജേയോൺ ജങ് പറഞ്ഞു.



# ദുബായിൽ ഷാരൂഖ്സ് ബൈ ഡാന്യൂബ്

**കൊച്ചി :** ഡാന്യൂബ് പ്രോപ്പർട്ടീസ് ദുബായിൽ പുതിയ 55 നിലകളുള്ള വാണിജ്യ ടവറിന് ബോളിവുഡ് സൂപ്പർസ്റ്റാർ ഷാരൂഖ് ഖാന്റെ പേര് നൽകി. 'ഷാരൂഖ്സ് ബൈ ഡാന്യൂബ്' എന്ന് പേരിട്ടിരിക്കുന്ന ഈ ടവർ ഷെയ്ഖ് സായിദ് റോഡിലായിരിക്കും. എളിയ തുടക്കങ്ങളിൽ നിന്ന് വൻ വിജയത്തിലെത്തിയ ഷാരൂഖ് ഖാൻ, ഡാന്യൂബ് ഗ്രൂപ്പ് ചെയർമാൻ റിസ്വാൻ സാജൻ എന്നിവരുടെ 33 വർഷത്തെ വിജയം ആഘോഷിക്കുന്നതിനുള്ള സ്മാരകമായാണ് ഈ സംരംഭം കണക്കാക്കപ്പെടുന്നതെന്ന് ബന്ധപ്പെട്ട അധികൃതർ പറഞ്ഞു. ദുബായിലെ ഏറ്റവും അഭിമാനകരമായ ബിസിനസ്സ് കേന്ദ്രങ്ങളിൽ ഒന്നായി ഇത് മാറും. മുംബൈയിൽ നടന്ന വർണ്ണാഭമായ ചടങ്ങിൽ ഷാരൂഖ് ഖാൻ, റിസ്വാൻ സാജൻ എന്നിവരുടെ സാന്നിധ്യത്തിലാണ് ഈ പ്രഖ്യാപനം നടന്നത്. സ്വപ്നങ്ങളെയും അഭിലാഷങ്ങളെയും ആഘോഷിക്കുന്ന നഗരമാണ് ദുബായ് എന്നും തന്റെ പേരിൽ ഒരു കെട്ടിടം വരുന്നതിൽ വിനയവും സന്തോഷവുമുണ്ടെന്നും ഷാരൂഖ് ഖാൻ പറഞ്ഞു.

